# Malayala Manorama
# 24 August 2018
# Kochi; Onam , Flood

# പ്രളയം: ഓണത്തിന് പാൽ കുറച്ച് മിൽമ

എൻ.വി. കൃഷ്ണദാസ്

കൊച്ചി • പ്രളയക്കെടുതിയിൽ കേരളം ഓണാഘോഷം ഉപേക്ഷിച്ചപ്പോൾ മിൽമ അതിലേക്കു കരുതി വച്ചിരുന്ന പാലിന്റെ അളവും കുറച്ചു. ഈ ഓണത്തിനു കേരളീയർക്കു കുടിക്കാനും പായസമുണ്ടാക്കാനുമായി 80 ലക്ഷം ലീറ്റർ പാൽ കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്നു വാങ്ങാനായിരുന്നു മിൽമ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ, കല്യാണങ്ങൾവരെ മാറ്റിവച്ചു കേരളം പ്രളയ ദുരിതാശ്വാസത്തിൽ മുഴുകുമ്പോൾ ലക്ഷ്യമിട്ട പാൽ ചെലവാകില്ലെന്നു തിരിച്ചറിഞ്ഞാണ് കടം വാങ്ങാനിരുന്ന പാൽ 30 ലക്ഷം ലീറ്ററാക്കി മിൽമ കുറച്ചത്.




പ്രതിദിനം ശരാശരി 12.50 ലക്ഷം ലീറ്റർ പാൽ വിൽപന നടത്തിയിരുന്ന മിൽമയ്ക്ക് പ്രളയം തുടങ്ങിയതോടെ 9.80 ലക്ഷം ലീറ്റർ മാത്രമേ വിറ്റഴിക്കാനായുള്ളൂ. 14 മുതൽ 20 വരെയെടുത്ത കണക്കനുസരിച്ചാണിത്. മൂന്നു മേഖലാ യൂണിയനുകളിൽ എറണാകുളം മേഖലയിലാണ് കൂടുതൽ തിരിച്ചടി നേരിട്ടത്. വിൽപനയിൽ കുറവു വന്ന 2.70 ലക്ഷം ലീറ്ററിൽ 1.50 ലക്ഷം ലീറ്ററും എറണാകുളത്തുനിന്നാണ്.

എറണാകുളം, കോട്ടയം, ഇടുക്കി, തൃശൂർ ജില്ലയിലുൾപ്പെട്ട എറണാകുളം മേഖലയിലാണ് കൂടുതൽ കാലവർഷക്കെടുതി നേരിട്ടത്. പശുക്കൾ ചത്തതിനു പുറമെ വീടുകളിൽനിന്നുള്ള പാൽ ക്ഷീര സംഘങ്ങളിലും സംഘങ്ങളിൽനിന്നു സംസ്കരണ കേന്ദ്രത്തിലുമെത്തിക്കാനാവാത്തതും പാൽ വിതരണത്തെ ബാധിച്ചു.

കട്ടപ്പനയിലെ മിൽമ ഡയറി പ്ലാന്റിലേക്കു ദിവസങ്ങളോളം ബന്ധമറ്റുപോയിരുന്നു. ചാലക്കുടി, ആലുവ, കളമശേരി തുടങ്ങിയ സ്ഥലങ്ങളിലെ മഴക്കെടുതിയാണ് മിൽമയുടെ പ്രതീക്ഷകൾ തകിടം മറിച്ചത്.

മറ്റു സ്വകാര്യ കമ്പനികൾ കേരളത്തിലെത്തിച്ചിരുന്ന ആറു ലക്ഷം ലീറ്റർ പാൽ ഈ പ്രളയത്തിനിടെ കേരളത്തിലെത്തിയില്ലെന്നതു മിൽമയ്ക്കു ഗുണം ചെയ്തിട്ടുമുണ്ട്. ഗതാഗത തടസ്സമായിരുന്നു അയൽ സംസ്ഥാനങ്ങളിലെ പാൽവരവു നിലയ്ക്കാൻ കാരണം. കഴിഞ്ഞ ഓണത്തിന് 26 ലക്ഷം ലീറ്റർ പാൽ തിരുവോണത്തിനു വിൽപന നടത്തിയ മിൽമ ഈ വർഷം ഏഴു ശതമാനം വരെ കൂടുതൽ വിൽപനയാണ് ലക്ഷ്യമിട്ടിരുന്നത്.

പാൽ വിൽപനയിൽ ഇടിവു നേരിട്ടതോടെ മിൽമ ഐസ് ക്രീം, പേഡ എന്നീ അനുബന്ധ ഉൽപന്നങ്ങളുടെ ഉൽപാദനവും നഷ്ടം ഭയന്നു കുറച്ചു.